**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5447** **12-08-2021 - ൽ മറുപടിയ്ക്ക്**

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ 17.09.2019-ന് ആരംഭിക്കുകയുമുണ്ടായി. കുഴൽക്കിണർ നിർമ്മാണം പൂർത്തിയായിട്ടുള്ളതും, ഫൗണ്ടേഷൻ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീ.കെ.വി.വിജയകുമാരൻ എന്നയാൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl. 658/19, IA 1429/2019 നമ്പരായി ഫയൽ ചെയ്ത ഹർജികളിൽ ബിൽഡിംഗ് പെർമിറ്റ് സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിർമ്മാണ-പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ? | (ബി) | ട്രൈബ്യൂണലിന്റെ സ്റ്റേ നീക്കിക്കിട്ടുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ